AIDS - T B Free India

HEALTH LINE
Centre for health & Social development
Reg. No. 627/2001
Kasaragod District, Kerala -671319

# ഹെൽത്ത് ലൈൻ പ്രവർത്തന റിപ്പോർട്ട്
# 2021-22

**ആമുഖം**

2001 വർഷത്തിൽ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതും(രജി നമ്പർ-627/01) സംസ്ഥാനമാകെ പ്രവർത്തന പരിധി വരുന്നതുമായ സന്നദ്ധ സംഘടനയാണ് ഹെൽത്ത് ലൈൻ. പൊതുജനാരോഗ്യ മേഖലകളിലും, സാമൂഹിക വികസന മേഖലകളിലും ഇടപെട്ടുകൊണ്ട് പാർശ്വവൽക്കരിക്കപ്പെടുന്ന നിർധനനായ, നിരാലംബരായ പൊതുജനങ്ങളെ സാമൂഹിക അഭിവൃദ്ധിയിലേക്ക് ഉയർത്തികൊണ്ട് വരിക എന്നതാണ് സംഘടനകളുടെ മുഖ്യ ലക്ഷ്യം. ആ ലക്ഷ്യം നിറവേറ്റുന്നതിന് വിവിധ സർക്കാർ, ഇതര ഏജൻസികളുടെ സഹകരണത്തോടെ വ്യത്യസ്തങ്ങളായ പരിപാടികളാണ് 19-20 വർഷത്തിൽ സംഘടന നടപ്പാക്കിയത്.

**ലോക പരിസ്ഥിതി ദിനാചരണവും ബോധവൽക്കരണവും (05.06.2021)**

ലോക പരിസ്ഥിതി ദിനാചരണം വിപുലമായി ആചരിച്ചു. ഉദുമ, മാങ്ങാട്, ബാര എന്നിവിടങ്ങളിൽ വിവിധ ഫലവൃക്ഷ തൈകൾ നടുകയും, ജനകീയ അവബോധപ്രചരണം നടത്തുകയും ചെയ്തു. വിദ്യാർത്ഥികൾ, വയോജനങ്ങൾ, നാട്ടുകാർ എന്നിവരുടെ പിന്തുണ ലഭിച്ചിരുന്നു. മോഹനൻ മാങ്ങാട് പരിസ്ഥിതി അവബോധ സന്ദേശം നൽകി. മാവ്, പ്ലാവ്, പേര, വേപ്പ്, മഹാഗണി, ലക്ഷ്മിതരു എന്നി തൈകളാണ് മുഖ്യമായി വെച്ചുപിടിപ്പിച്ചത്.

**ഗാന്ധി ജയന്തി (02.10.2021)**

മാങ്ങാട് നന്മയുള്ള നാട് എന്ന സന്ദേശമോതി ജില്ല ലീഗൽ സർവ്വീസസ് അതോറിറ്റി, പീപ്പിൾസ് മാങ്ങാട്, മൈത്രി വായനശാല & ഗ്രന്ഥാലയം, എൻ.എസ്.എസ് വിദ്യാർത്ഥികൾ, ഹെൽത്ത് ലൈൻ എന്നിവ സംയുക്തമായി മാനവ സൗഹൃദ സംഗമം സംഘടിപ്പിച്ചു. പുഷ്പാർച്ചനയും മധുര പലഹാര വിതരണവും നടന്നു.

Office : Mangad, P.O. Bare, Via: Udma, Kasaragod, Kerala -671 319
E-mail: healthlineksd01@gmail.com | mohananmangad1970@gmail.com
Ph: 09446679718, NGO Govt. Portal Unique ID No: KL/2015/0088206, PAN Card No: AABAH4417N

**എയ്ഡ്സ് ദിനാചരണം (01.12.2021)**

ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി ഓൺലൈൻ ജനകീയ ബോധവൽക്കരണ പരിപാടി നടത്തി.

**വനിതാദിനം(8.3.2021)-**

അതിഥിക്ക് അന്നം പദ്ധതി പ്രകാരം അമ്മ ട്രസ്റ്റിന്റെ സഹകരണത്തോടെ തെരുവിൽ കഴിയുന്നവർക്ക് ഉച്ചഭക്ഷണവിതരണ പരിപാടി ആരംഭിച്ചു. കാസറഗോഡ് പുതിയ സ്റ്റാന്റ്, പഴയസ്റ്റാന്റ്, ഉദുമ, പാലക്കുന്ന് എന്നിവിടങ്ങളിൽ കഴിയുന്ന അശരണരായവർക്കാണ് ഭക്ഷണവിതരണം നടത്തുന്നത്.

**ലോകക്ഷയരോഗദിനം (24.03.2022)**- ബോധവത്ക്കരണ പരിപാടി, ഓൺലൈൻ പ്രഭാഷണം, പോസ്റ്റർ പ്രചരണം എന്നിവ നടത്തി.

**കൊവിഡ് ബാധിതർക്കും, ദുരിതമനുഭവിക്കുന്നവർക്കും ഭക്ഷണകിറ്റ് വിതരണം**

ജോലിയില്ലാതെ കഷ്ടപ്പെടുന്ന പൊതുജനങ്ങൾക്കും; കൊവിഡ് ബാധിതർക്കും പൊതിച്ചോറ് വിതരണം ചെയ്തു. 2 മാസക്കാലം തുടർച്ചയായി ഭക്ഷണ വിതരണം നീണ്ടുനിന്നു. കൂടാതെ പോഷകാഹാരകിറ്റുകൾ, പലവ്യഞ്ജനങ്ങൾ എന്നിവ വിതരണം ചെയ്തു.

**തൊഴിൽ പരിശീലനം**

താലൂക്ക് വ്യവസായ കേന്ദ്രവുമായി സഹകരിച്ച് സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ച് ഉദുമ പഞ്ചായത്ത് ഹാളിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. വ്യവസായ ഓഫീസർ അശോകൻ ക്ലാസെടുത്തു. തുടർ പ്രവർത്തനത്തിനായി ടീം വി എന്ന പേരിൽ വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് സംരംഭകത്വ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**കാവൽ പദ്ധതി -** ജില്ലാ അടിസ്ഥാനത്തിൽ ഹെൽത്ത് ലൈൻ കാവൽ പദ്ധതി ആരംഭിച്ചു. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (ജുവനൈൽ) നിംഹാൻസ് ബാംഗ്ലൂർ എന്നിവരുടെ നിയന്ത്രണത്തിലും നിർദ്ദേശത്തിലുമാണ് കാവൽ പദ്ധതി നടക്കുന്നത്. നിയമവുമായി പൊരുത്തപ്പെടാത്തകുട്ടികളുടെ ഇടയിൽ വിവിധങ്ങളായ സൈക്കോ സോഷ്യൽ ഇടപെടൽ നടത്തിസ്വഭാവ വ്യതിയാനം സാധ്യമാക്കി സാധാരണ സാമൂഹ്യ ജീവിതം നയിക്കുവാൻ പ്രാപ്തമാക്കുക എന്നതാണ് കാവൽ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

**ഹെൽത്ത് ലൈൻ സുരക്ഷാപദ്ധതി (TG)**

കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സഹകരണത്തോടെ ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടിയുടെ ഭാഗമായി (T.G) ഭിന്നലിംഗക്കാർക്കിടയിൽ എയ്ഡ്സ് പ്രതിരോധ ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കി വരുന്നു. എയ്ഡ്സ് വിമുക്ത ഭാരതം എന്ന ലക്ഷ്യം മുൻ നിർത്തിയുള്ള ഈ പ്രവർത്തനത്തിൽ സ്വഭാവ വ്യതിയാന പ്രവർത്തനങ്ങൾ, സുരക്ഷിത ലൈംഗിക ബന്ധം, ലൈംഗിക രോഗ ചികിത്സ, ഉറകളുടെ വിതരണം, അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കൽ, കൂട്ടായ്മ വർധിപ്പിക്കൽ, മുഖ്യധാര പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു. പ്രൊജക്ട് ഡയറക്ടറെ കൂടാതെ, പ്രൊജക്ട് മാനേജർ, എം.ആന്റ് ഇ ഓഫീ

സർ കം  അക്കൗണ്ടന്റ്, കൗൺസിലർ, ഔട്ട് റീച്ച് വർക്കർ, 6 പിയർ എജുക്കേറ്റർമാർ എന്നിവർ ഈ പ്രൊജക്ടിൽ പ്രവർത്തിക്കുന്നു.

## രക്തദാന പ്രവർത്തനങ്ങൾ

ബ്ലഡ് ബാങ്കുമായി സഹകരിച്ച് രക്തഗ്രൂപ്പ് നിർണ്ണയം, ബോധവൽക്കരണം, ബ്ലഡ് ബാങ്കിൽ രക്തദാനം എന്നിവ സംഘടിപ്പിച്ചു.  വിവിധ ഘട്ടങ്ങളിലായി 110 പേർ രക്തം ദാനം ചെയ്തു.  രക്തദാന ഡയറക്ടറി ഉദുമ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് പുറത്തിറക്കി.

## ഭാരത് ദർശൻ

ദേശീയോദ്ഗ്രഥനം മുൻനിർത്തി അജന്ത, എല്ലോറ, മുംബൈ എന്നീ കേന്ദ്രങ്ങളിലേക്ക് 16 വളണ്ടിയർമാർ ഭാരത ദർശൻ പരിപാടിയുടെ ഭാഗമായി സന്ദർശനം നടത്തി.  ചർച്ചകൾ, സംവാദങ്ങൾ, എക്സിബിഷനുകൾ എന്നിവയിൽ പങ്കെടുത്തു. രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളിൽ  പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പിക്കാൻ ഇതിലൂടെ സാധിച്ചു.

## അതിഥിക്ക് അന്നം

അമ്മ ട്രസ്റ്റുമായി സഹകരിച്ച് തെരുവിൽ അലയുന്ന അശരണർക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയാണ് അതിഥിക്ക് അന്നം.  ദിവസവും കാസർകോട്, മേൽപറമ്പ്, ഉദുമ, ബേക്കൽ എന്നിവിടങ്ങളിൽ ഉച്ചഭക്ഷണ വിതരണ നടന്നുവരുന്നു. പൊതുജനങ്ങളുടെയും സുമനസ്സുകളുടെയും സഹായത്തോടെയാണ്പദ്ധതി നടപ്പിലാക്കുന്നത്.

## ഉപസംഹാരം (Conclusion)

വിവിധ കേന്ദ്ര, സംസ്ഥാന ഏജൻസികളുടെയും, സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ സംഘടിപ്പിക്കപ്പെട്ട വിവിധ പരിപാടികൾ പൊതുജനങ്ങൾക്ക് ഗുണകരമാവുന്ന രീതിയിൽ ഏറ്റെടുത്ത് നടത്തുവാനും, വിജയിപ്പിക്കുവാനും സാധിച്ചു. പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗത്തിന്റെ ശാക്തീകരണത്തിന് വേണ്ടി സഹായസഹകരണങ്ങൾ ചെയ്ത് തന്ന എല്ലാ സുമനസ്സുകളേയും ഈയവസരത്തിൽ സ്നേഹത്തോടെ സ്മരിക്കുന്നു. കർമ്മപഥത്തിൽ ഉറച്ച കാൽവെയ്പ്പോടെ മുന്നേറുമെന്ന് സംഘടന ഉറപ്പ് നൽകുന്നു.

**We Serve For a Better India**